**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് – ജീവനക്കാര്യം - ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി-2020 വർഷത്തേക്കുള്ള പദ്ധതി പുതുക്കൽ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -ഡി) വകുപ്പ്**

**സ.ഉ (അച്ചടി) നം.159/2019/ധന** **തീയതി,തിരുവനന്തപുരം, 18/11/2019.**

പരാമർശം:- 1) 23/11/2010 ലെ സ.ഉ(പി) നമ്പർ 616/2010/ധന

2) 04/11/2011 ലെ സ.ഉ(പി) നമ്പർ 504/2011/ധന

3) 03/11/2012 ലെ സ.ഉ(പി) നമ്പർ 606/2012/ധന

4) 17/04/2013 ലെ സ.ഉ(പി) നമ്പർ 176/2013/ധന

5) 13/11/2013 ലെ സ.ഉ(പി) നമ്പർ 555/2013/ധന

6) 19/10/2013 ലെ സർക്കുലർ നമ്പർ 79/2013/ധന

7) 17/11/2014 ലെ സ.ഉ(പി) നമ്പർ 507/2014/ധന

8) 19/11/2015 ലെ സ.ഉ(പി) നമ്പർ 526/2015/ധന

9) 30/09/2016 ലെ സ.ഉ(പി) നമ്പർ 144/2016/ധന

10) 21/10/2017 ലെ സ.ഉ(പി) നമ്പർ 133/2017/ധന

11) 12/11/2018 ലെ സ.ഉ(പി) നമ്പർ 175/2018/ധന

12) 18/01/2019 ലെ സ.ഉ(പി) നമ്പർ 3/2019/ധന

13) 30/05/2019 ലെ സർക്കുലർ നമ്പർ 57/2019/ധന

14) 24/02/2019 ലെ സ.ഉ(പി) നമ്പർ 21/2019/ധന

15) 25/10/2019 തീയതിയിലെ ഇൻഷ്വറൻസ് ഡയറക്ടറുടെ ഇൻഷ/ജി.പി.എ.ഐ.എസ്/എം.4/റ്റി 001908385 നമ്പർ കത്ത്

**ഉത്തരവ്**

ഗ്രൂപ്പ് പേഴ്സണൽ അപകട ഇൻഷ്വറൻസ് പദ്ധതി (ജി.പി.എ.ഐ.എസ്) പരാമർശം 1 ഉത്തരവ് പ്രകാരം കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന 2011 വർഷം നടപ്പിലാക്കിയിട്ടുള്ളതും, സംസ്ഥാനത്തെ പാർട്ട് ടൈം കണ്ടിജന്റ് എംപ്ലോയീസ് ഉൾപ്പെടുന്ന സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, എയ്ഡഡ് സ്കൂൾ/കോളേജ് സ്ഥാപനങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ, പഞ്ചായത്ത്-മുൻസിപ്പൽ കോമൺ സർവ്വീസ് എന്നിവിടങ്ങളിലെ ജീവനക്കാർ, മുൻസിപ്പൽ കോമൺ സർവ്വീസിലെ കണ്ടിജന്റ് ജീവനക്കാർ, സർവ്വകലാശാല ജീവനക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ/സഹകരണ സ്ഥാപനങ്ങൾ/സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാർക്കെല്ലാം ബാധകമാക്കിയിട്ടുള്ളതുമാണ്. പരാമർശം 11 പ്രകാരം ടി പദ്ധതി 2019 വർഷത്തേക്ക് ദീർഘിപ്പിച്ച് ഉത്തരവായിരുന്നു. കെ.എസ്.ഇ.ബി, കെ.എസ്.ആർ.ടി.സി എന്നിവിടങ്ങളിലെ ജീവനക്കാർ യഥാക്രമം 850/- രൂപ, 550/- രൂപ എന്ന ക്രമത്തിലും കേരള സർവ്വീസ് ചട്ടത്തിന്റെ പരിധിയിൽ വരുന്നതും എസ്.എൽ.ഐ/ജി.ഐ.എസ് എന്നിവയിൽ വരിസംഖ്യ ഒടുക്കിവരുന്നവരുമായ മറ്റ് ജീവനക്കാർ 400 രൂപ എന്ന ക്രമത്തിലുമാണ് വാർഷിക പ്രീമിയം തുക അടച്ചുവരുന്നത്. വാഗ്ദത്ത തുക 10 ലക്ഷം രൂപ ആയിരുന്നു.

ഇതിനു പുറമെ 2019 വർഷം മുതൽ ജി.പി.എ.ഐ.എസ് പദ്ധതിയിൻ കീഴിൽ സംസ്ഥാനത്തെ ഇൻഡ്യാ റിസർവ് ബറ്റാലിയൻ കമാന്റോകൾക്ക് കമാന്റോ ഓപ്പറേഷനുകൾക്കിടയിൽ സംഭവിക്കുന്ന അപകടമരണങ്ങൾക്ക് പ്രത്യേക ഇൻഷ്വറൻസ് പരിരക്ഷ അനുവദിച്ച് കൊണ്ട് പരാമർശം14 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിൻ പ്രകാരം റിസർവ് ബറ്റാലിയൻ കമാന്റോകളുടെ വാർഷിക പ്രീമിയം 800 രൂപയായും കമാന്റോ ഓപ്പറേഷനുകൾക്കിടയിൽ അപകടത്തിന് ഇരയായാൽ വാഗ്ദത്ത തുക 20 ലക്ഷം രൂപയായും മറ്റ് രീതിയിൽ സംഭവിക്കുന്ന അപകടങ്ങൾക്ക് വാഗ്ദത്ത തുക 10 ലക്ഷം രൂപയായും നിജപ്പെടുത്തിയിട്ടുണ്ട് .

മേൽപ്പറഞ്ഞ പദ്ധതിയുടെ കാലാവധി 31/12/2019 -ന് അവസാനിക്കുന്ന സാഹചര്യത്തിൽ, ടി പദ്ധതി 01/01/2020 മുതൽ 31/12/2020 വരെ ആവശ്യമായ ഭേദഗതികളോടുകൂടി ദീർഘിപ്പിക്കുന്നതിനും പുതുക്കി നടപ്പാക്കുന്നതിനുമായി പരാമർശം 15 പ്രകാരം കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ നിർദ്ദേശങ്ങൾ സമർപ്പിച്ചിരിക്കുന്നു.

കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടറുടെ ശിപാർശ സർക്കാർ വിശദമായി പരിശോധിക്കുകയും നിലവിലുള്ള വ്യവസ്ഥകൾക്ക് പുറമെ താഴെപറയുന്ന ഭേദഗതികൾ കൂടി ഉൾപ്പെടുത്തി ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി(ജി.പി.എ.ഐ.എസ്) 01/01/2020 മുതൽ 31/12/2020 വരെ പുതുക്കി നടപ്പാക്കുന്നതിന് ഉത്തരവാകുന്നു.

I) സംസ്ഥാനത്തെ മുഴുവൻ എസ്.എൽ.ആർ വിഭാഗം ജീവനക്കാരെയും ജി.പി.എ.ഐ.എസ്. പദ്ധതിയിൽ ഉൾപ്പെടുത്തുന്നു.

ii)നിലവിലെ ചട്ടങ്ങളുടെ/ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പദ്ധതിയിൽ ചേരാൻ യോഗ്യരായ ജീവനക്കാരുടെ വാർഷിക പ്രീമിയം തുക താഴെ പറയും പ്രകാരം നിജപ്പെടുത്തുന്നു. ഒപ്പം തന്നെ ജി.എസ്.റ്റി ബാധകമായിട്ടുള്ള സ്ഥാപനങ്ങൾ ആയത് നേരിട്ട് ഒടുക്കു വരുത്തേണ്ടതാണെന്നും നിർദ്ദേശിക്കുന്നു .

| ക്രമ നമ്പർ | ജീവനക്കാർ/സ്ഥാപനങ്ങൾ | തുക (രൂപയിൽ) |
|---|---|---|
| 1 | സർക്കാർ ജീവനക്കാർ | 500/- രൂപ |
| 2 | ഇൻഡ്യ റിസർവ്വ് ബറ്റാലിയൻ കമാന്റോകൾ | 800/- രൂപ |
| 3 | സ്വയം ഭരണ സ്ഥാപനങ്ങൾ/ സർവ്വകലാശാല/ പൊതുമേഖലാ/സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർ മുതലായവർ | 500/-രൂപ +ജി.എസ്.റ്റി |
| 4 | എസ്.എൽ.ആർ വിഭാഗം ജീവനക്കാർ | 500/- രൂപ + ജി.എസ്.റ്റി |
| 5 | കെ.എസ്.ഇ.ബി | 850/-രൂപ + ജി.എസ്.റ്റി |
| 6 | കെ.എസ്.ആർ.ടി.സി | 600/-രൂപ + ജി.എസ്.റ്റി |

iii) ജി.പി.എ.ഐ.എസ് പദ്ധതി പ്രകാരമുള്ള വാഗ്ദത്ത തുക 10 ലക്ഷം രൂപയായി തുടരുന്നതാണ്.

iv) ഇൻഡ്യാ റിസർവ്വ് ബറ്റാലിയൻ കമാന്റോകൾക്കുള്ള പ്രത്യേക ഇൻഷ്വറൻസ് പരിരക്ഷ പദ്ധതി പ്രകാരം കമാന്റോ ഓപ്പറേഷനുകൾക്കിടയിൽ അപകടത്തിന് ഇരയായാൽ ലഭ്യമാകുന്ന വാഗ്ദത്ത തുക 20 ലക്ഷം രൂപയായി തുടരുന്നതാണ്. ഇവർക്ക് കമാന്റോ ഓപ്പറേഷനുകൾക്കിടയിൽ സംഭവിക്കുന്ന അപകടമരണങ്ങൾക്ക് ഓഫീസ് മേലധികാരിയുടെ സാക്ഷ്യപത്രപ്രകാരം മാത്രമായി ഇൻഷ്വറൻസ് പരിരക്ഷ

പരിമിതപ്പെടുത്തുന്നു. മറ്റ് രീതിയിൽ സംഭവിക്കുന്ന അപകടമരണങ്ങൾക്ക് ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി 10 ലക്ഷം രൂപയുടെ പരിരക്ഷക്ക് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ .

v) പരാമർശം 1-ലെ ഉത്തരവിന്റെ ഖണ്ഡിക (6)ലെ പട്ടികയിൽ പറയുന്ന അത്യാഹിതങ്ങൾക്ക് പുറമെ താഴെ പറയുന്ന അത്യാഹിതങ്ങൾക്കും കൂടി, ആയവയ്ക്ക് നേരെ സൂചിപ്പിച്ചിട്ടുള്ള വാഗ്ദത്ത തുകയുടെ നിശ്ചിത ശതമാനം നിരക്കിൽ ഇൻഷ്വറൻസ് പരിരക്ഷ അനുവദിച്ചും ടി ഖണ്ഡികയിലെ അവസാനത്തെ വരിയിൽ പറയുന്ന 'ക്രിമിനൽ ലക്ഷ്യത്തോടെ നിയമം തെറ്റിച്ചുണ്ടാകുന്ന അപകടങ്ങൾ മൂലമുള്ള മരണങ്ങൾ/വൈകല്യങ്ങൾ' എന്നതിലെ 'ക്രിമിനൽ ലക്ഷ്യം' എന്ന പ്രയോഗം ഒഴിവാക്കി 'നിയമം തെറ്റിച്ചുണ്ടാകുന്ന അപകടങ്ങൾ മൂലമുള്ള മരണങ്ങൾ/വൈകല്യങ്ങൾ' എന്നാക്കിയും പരാമർശം 1 ഉത്തരവിലെ ഖണ്ഡിക 6-ൽ ഭേദഗതി വരുത്തുന്നു

| Sl No. | Item | % Of Sum Assured |
|---|---|---|
| 1. | Loss of of toes | 2% for each toe, subject to a maximum of 10% |
| 2 | Permanent hearing loss :-<br>Both ears<br>Single ear | <br>50%<br>25% |
| 3. | Loss of Fingers | 5% for each finger, subject to a maximum of 25% |
| 4. | Loss of palm | 25% |

vi) ജി.പി.എ.ഐ.എസ് പദ്ധതിയിൽ അംഗത്വം ലഭ്യമാകുന്നതിന് കോ ഓപ്പറേറ്റീവ് സൊസൈറ്റി, എയ്ഡഡ് സ്ഥാപനങ്ങൾ, പൊതുമേഖല സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാർ പരാമർശം 6 ,13 എന്നീ സർക്കുലറുകളിലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്. എന്നാൽ SLR വിഭാഗം ജീവനക്കാർക്കും സർക്കാർ സർവ്വീസിലുള്ള പാർട്ട് ടൈം കണ്ടീജന്റ് ജീവനക്കാർക്കും എസ്.എൽ.ഐ, ജി.ഐ.എസ് ബാധകമല്ലെങ്കിലും ജി.പി.എ.ഐ.എസ് അംഗത്വത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

vii) അപകട സമയം മദ്യപിച്ചിട്ടുണ്ടെന്ന് സംശയാസ്പദമായ കേസുകളിൽ രാസപരിശോധനാ റിപ്പോർട്ട് ലഭ്യമാക്കാത്ത പക്ഷം പോലീസ് ഫൈനൽ റിപ്പോർട്ട്, ബന്ധപ്പെട്ട ആശുപത്രിയിൽ നിന്നുള്ള റിപ്പോർട്ട്, postmortem റിപ്പോർട്ട് എന്നിവയെ അടിസ്ഥാനപ്പെടുത്തി ക്ലെയിം നിരസിക്കുന്നതാണ്.

viii) 2020 വർഷത്തേയ്ക്കുള്ള പ്രീമിയം 2019 നവംബർ മാസത്തെ ശമ്പളത്തിൽ നിന്ന് ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർമാർ കിഴിവ് നടത്തി 2019 ഡിസംബർ 31 നകം "8658-102-88-suspense account – GPAI Fund" എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്. ശൂന്യവേതനാവധിയിലുള്ളവർ , അന്യത്ര സേവനത്തിലുള്ളവർ സസ്പെൻഷനിലുള്ളവർ, പേ സ്ലിപ് ലഭിക്കാത്ത കാരണത്താൽ ശമ്പളം ലഭിക്കാത്തവർ, മറ്റെന്തെങ്കിലും കാരണവശാൽ ശമ്പളം ലഭിക്കാത്തവർ എന്നിവർ 2019 ഡിസംബർ 31-നകം സ്വന്തം നിലയ്ക്ക് പ്രീമിയം ട്രഷറിയിൽ അടച്ചിരിക്കണം. കൂടാതെ, എന്തെങ്കിലും കാരണവശാൽ 2019 നവംബർ മാസം ശമ്പളം ലഭിക്കാത്ത എസ്.എൽ.ആർ വിഭാഗം ജീവനക്കാരും 2019 ഡിസംബർ 31-നകം സ്വന്തം നിലയ്ക്ക് പ്രീമിയം തുക ട്രഷറിയിൽ അടയ്ക്കേണ്ടതാണ്.

ix) KSR XII A(leave for taking up employment abroad), KSR XII C (leave for joining spouce) പ്രകാരം ശൂന്യവേതന അവധിയിൽ പ്രവേശിച്ചിരിക്കുന്നവർക്ക് ഈ പദ്ധതിയിൽ അംഗങ്ങളാകാൻ കഴിയുന്നതല്ല .

x) ജി.പി.എ.ഐ.എസ് പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ മറ്റെല്ലാ വ്യവസ്ഥകളും മാറ്റമില്ലാതെ തുടരുന്നതുമാണ്.

എല്ലാ വകുപ്പ മേധാവികളും, ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിങ് ഓഫീസർമാരും ഈ പദ്ധതി സംബന്ധിച്ച് ജീവനക്കാരുടെ ഇടയിൽ പ്രചാരണം നൽകേണ്ടതും, ഈ സർക്കാർ ഉത്തരവ് അവരുടെ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കേണ്ടതും ഓഫീസിലെ നോട്ടീസ് ബോർഡിൽ പതിക്കേണ്ടതുമാണ്. ശൂന്യവേതനാവധിയിലുള്ളവർ, അന്യത്ര സേവനത്തിലുള്ളവർ, മറ്റ് ഏതെങ്കിലും രീതിയിൽ അവധിയിലുള്ളവർ, പേസ്ലിപ്പ് ലഭിക്കാത്ത കാരണത്താൽ ശമ്പളം ലഭിക്കാത്തവർ, മറ്റെന്തെങ്കിലും കാരണത്താൽ ശമ്പളം ലഭിക്കാത്തവർ എന്നീ ജീവനക്കാർ ഒഴികെയുള്ള മറ്റ് ജീവനക്കാരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താതിരിക്കുകയും, ഉൾപ്പെടുത്തിയവരുടെ ഇൻഷ്വറൻസ് പുതുക്കാതിരിക്കുകയും ചെയ്യുന്നതുമൂലം ഉണ്ടാകുന്ന ബാധ്യത ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിങ് ഉദ്യോഗസ്ഥർ/സെൽഫ് ഡ്രോയിംഗ് ഉദ്യോഗസ്ഥർ/ചെക്ക് ഇഷ്യൂയിംഗ് ഉദ്യോഗസ്ഥർ/ജീവനക്കാരുടെ ശമ്പളം പിൻവലിക്കുവാനും നൽകുവാനും അധികാരപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർ എന്നിവരുടെ മേൽ വ്യക്തിപരമായി നിക്ഷിപ്തമാണ്.

എന്തെങ്കിലും തർക്കമുണ്ടാകുന്ന പക്ഷം 1938 ലെ ഇൻഷ്വറൻസ് ആക്ടിൽ പരാമർശിച്ചിരിക്കുന്ന ചട്ടങ്ങൾ നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സഞ്ജീവ് കൗശിക്**

**പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ) കേരളം, തിരുവനന്തപുരം.
എല്ലാ വകുപ്പ് തലവൻമാർക്കും, ഓഫീസർമാർക്കും
എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെ തലവൻമാർക്കും
എല്ലാ സഹകരണ സ്ഥപനങ്ങളുടെയും തലവൻമാർക്കും
എല്ലാ സ്വയം ഭരണ സ്ഥപനങ്ങളുടെയും മറ്റ അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെയും തലവൻമാർക്കും
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും.
വ്യവസായ വകുപ്പ് (അവരുടെ അധികാര പരിധിയിൽ വരുന്ന അർദ്ധസർക്കാർ,പൊതുമേഖലാ സ്ഥാപനങ്ങൾ, എന്നിവിടങ്ങളിൽ ഈ ഉത്തരവ് സംബന്ധിച്ച് വ്യാപക പ്രചാരണം നൽകുവാൻ അഭ്യർത്ഥിക്കുന്നു)
ഇൻഷ്വറൻസ് ഡയറക്ടർ, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
രജിസ്ട്രാർ, ബഹു.കേരള ഹൈക്കോടതി, എറണാകുളം.
എല്ലാ യൂണിവേഴ്സിറ്റികളുടെയും രജിസ്ട്രാർമാർക്ക്.
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം.
രജിസ്ട്രാർ, സഹകരണ സംഘം സൊസൈറ്റികൾ, തിരുവനന്തപുരം.(എല്ലാ സഹകരണ സ്ഥാപനങ്ങളും ഈ ഉത്തരവ് സംബന്ധിച്ച് വ്യാപക പ്രചാരണം നൽകുവാൻ അഭ്യർത്ഥിക്കുന്നു)
സെക്രട്ടറി, ഓംബുഡ്സ്മാൻ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം.
സർക്കാരിന്റെ എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ/സ്പെഷ്യൽ സെക്രട്ടറിമാർ/അഡീഷണൽ സെക്രട്ടറിമാർ/ജോയിന്റ് സെക്രട്ടറിമാർ/ഡെപ്യൂട്ടി സെക്രട്ടറിമാർ/അണ്ടർ സെക്രട്ടറിമാർ എന്നിവർക്കും.
നിയമസഭാ സ്പീക്കറുടെയും, ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി.
സെക്രട്ടറി, മനുഷ്യവകാശ കമ്മീഷൻ, തിരുവനന്തപുരം.

മുഖ്യമന്ത്രിയുടെയും, മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി.
ചെയർമാൻ, ഭരണപരിഷ്കാര കമ്മീഷൻ.
മുഖ്യതിരഞ്ഞെടുപ്പ് കമ്മീഷണർ, കേരളം, തിരുവനന്തപുരം.
സംസ്ഥാന മുഖ്യ വിവരാവകാശ കമ്മീഷണർ.
വെബ് &ന്യൂ മീഡിയ, പബ്ലിക് റിലേഷൻ വകുപ്പ്.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.(E.1295844)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ